നൽകുകയും ചെയ്യുക, വാടകയ്ക്ക് സ്ഥാപനങ്ങൾ നടത്തുന്നവർക്ക് നഷ്ടപ്പെടുന്ന വസ്തുവിന്റെ കമ്പോളവിലയുടെ 10 ശതമാനത്തിന് തുല്യമായ തുക നൽകുക, സ്ഥലമെടുപ്പ് കാരണം തൊഴിൽ രഹിതരാകുന്നവർക്ക് Industrial Dispute Act പ്രകാരമുള്ള നഷ്ടപരിഹാരം നൽകുക, സർക്കാർ പുറമ്പോക്ക് ഭൂമിയിൽ അനധികൃതമായി താമസിക്കുന്നവർക്കും ചെറിയ കച്ചവടം നടത്തി ഉപജീവനം നടത്തുന്നവർക്കും പൊളിച്ചുമാറ്റപ്പെടുന്ന കെട്ടിടത്തിന്റെ വിലയും പുനരധിവാസത്തിനായി ഒരു ലക്ഷം രൂപയും നൽകുകയും തൊഴിൽ നഷ്ട പ്പെടുന്നവർക്ക് 6 മാസത്തേക്ക് നിയമം അനുശാസിക്കുന്ന മിനിമം വേതനവും നൽകുക, പൊളിച്ചുമാറ്റപ്പെടേണ്ടിവരുന്ന ആരാധനാലയങ്ങൾക്ക് പകരം അനുയോജ്യമായ സ്ഥലത്ത് അവ സർക്കാർ ചെലവിൽ നിർമ്മിച്ച് നൽകുക തുടങ്ങി സമഗ്രമായ ഒരു പുനരധിവാസ പാക്കേജാണ് കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളത്.

(ബി) ദേശീയപാതാ ആക്ടനുസരിച്ചുള്ള നഷ്ടപരിഹാരം മാത്രമേ അനുവദിക്കാൻ സാധിക്കുകയുള്ളൂ എന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്.

(സി&ഡി) കേന്ദ്ര നിർദ്ദേശം സർവ്വകക്ഷിയോത്തിൽ ചർച്ച ചെയ്ത് യുക്തമായ തീരുമാനം എടുക്കുന്നതാണ്.

അണക്കെട്ട് നവീകരണ പദ്ധതി

24 (*84) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന ഡാം പുനരുദ്ധാരണ നവീകരണ പദ്ധതിയുടെ വിശദാംശം നൽകുമോ ;

(ബി) ഏതെല്ലാം ഡാമുകളുടെ നവീകരണമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(സി) പദ്ധതി പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഇ) പദ്ധതി എത്ര വർഷംകൊണ്ട് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) :

(എ) കേരളത്തിലെ അണക്കെട്ടുകളെ പുനരുദ്ധരിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനുംവേണ്ടി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പദ്ധതിയിൽ ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 19 അണക്കെട്ടുകളും വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള 12 പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയിലേക്കായി ജലസേചന വകുപ്പിനായി 111.7 കോടി രൂപയുടേയും സംസ്ഥാന വൈദ്യുതി ബോർഡിനുവേണ്ടി 99.47 കോടി രൂപയുടേയും ഉൾപ്പെടെ 211.17 കോടി രൂപയുടെ സംക്ഷിപ്ത പദ്ധതി റിപ്പോർട്ട് കേന്ദ്ര ജലകമ്മീഷന് (CWC) സമർപ്പിക്കുകയും ലോകബാങ്ക് ഇത് തത്ത്വത്തിൽ അംഗീകരിക്കുകയും 280 കോടി രൂപ (58.33 മില്ല്യൻ യു.എസ്.ഡോളർ) ഇതിലേക്കായി വകയിരുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി തുകയുടെ 80% ലോകബാങ്കിന്റെ വിഹിതം ലോണായും 20% സംസ്ഥാന സർക്കാരിന്റെ വിഹിതവുമായി ഉപയോഗിക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്. ഈ പദ്ധതി 3 ഘട്ടത്തിലായി ആറ് വർഷംകൊണ്ട് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പീച്ചി, വാളയാർ, നെയ്യാർ, മലമ്പുഴ, കുറ്റ്യാടി, കാഞ്ഞിരപ്പുഴ, വാഴാനി, ചിമ്മിനി, മലങ്കര, മംഗലം, പോത്തുണ്ടി, മീൻകര, കല്ലട, ശിരുവാണി, ചുള്ളിയാർ, എന്നീ അണക്കെട്ടുകളും പഴശ്ശി, പമ്പ, (മണിയാർ) ഭൂതത്താൻകെട്ട്, എന്നീ ബാരേജുകളും മൂലത്തറ റഗുലേറ്ററും വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള പെരിങ്ങൽ കുത്ത്, ഷോളയാർ, ശബരിഗിരി, ചെങ്കുളം, ഇടുക്കി, നേര്യമംഗലം, ലോവർ പെരിയാർ, കക്കാട്, ഇടമലയാർ, കുറ്റ്യാടി, പന്നിയാർ, പള്ളിവാസൽ, എന്നീ പദ്ധതികളാണ് ഉൾപ്പെട്ടിട്ടുള്ളത്.

(സി) 2011 ജനുവരിയോടെ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ഈ പദ്ധതി 3 ഘട്ടങ്ങളിലായി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഒന്നാം ഘട്ടത്തിലേക്കായി ജലസേചനവകുപ്പിന്റെ 4 അണക്കെട്ടുകളും വൈദ്യുതി ബോർഡിന്റെ 5 പദ്ധതികളും രണ്ടാം ഘട്ടത്തിലേക്കായി ജലസേചന വകുപ്പിന്റെ 8 അണക്കെട്ടുകളും വൈദ്യുതി ബോർഡിന്റെ 7 പദ്ധതികളും മൂന്നാം ഘട്ടത്തിലേക്കായി ജലസേചന വകുപ്പിന്റെ 7 അണക്കെട്ടുകളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഒന്നാം ഘട്ടത്തിലേക്കായി ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള നെയ്യാർ, പീച്ചി, മലമ്പുഴ, വാളയാർ, എന്നീ അണക്കെട്ടുകളും വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള പെരിങ്ങൽകുത്ത്, ശബരിഗിരി, ഷോളയാർ, ഇടുക്കി, ചെങ്കുളം എന്നീ പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ പദ്ധതി 3 ഘട്ടങ്ങളിലായി 6 വർഷം കൊണ്ട് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

ദേശീയ ഗെയിംസിനുള്ള മുന്നൊരുക്കം

25 (*85) ശ്രീ. ടി. പി. കുഞ്ഞുണ്ണി :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസ് കേരളത്തിൽ വച്ച് നടത്തുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി ഏതെല്ലാം സ്റ്റേഡിയങ്ങൾ നവീകരിച്ചിട്ടുണ്ട് ;

(സി) എത്ര കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനാണ് പദ്ധതിയിട്ടിട്ടുള്ളത് ;

(ഡി) ഇതിനായി കേന്ദ്ര സർക്കാർ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട് ;

(ഇ) സ്റ്റേഡിയങ്ങളുടെ നവീകരണവും പുനരുദ്ധാരണ പ്രവർത്തനങ്ങളും എന്നത്തേക്ക് പൂർത്തിയാകുമെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ദേശീയ ഗെയിംസിൽ പങ്കെടുക്കുന്ന കേരള താരങ്ങൾക്ക് പ്രത്യേക പരിശീലന പദ്ധതികൾ ആവിഷ്ക്കരിക്കുമോ ?

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ) 35-ാമത് ദേശീയ ഗെയിംസ് കേരളത്തിൽ വെച്ചു നടത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനായി നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അടിസ്ഥാന വികസനത്തിന്റെ ഭാഗമായി നിലവിലുള്ള സ്റ്റേഡിയങ്ങളുടെ നവീകരണം, പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണം എന്നിവയ്ക്കായി സംസ്ഥാനത്തെ 7 ജില്ലകളിലെ 18 സ്ഥലങ്ങളിലായി 33 പ്രവൃത്തികൾക്ക് വിശദമായ രൂപരേഖയുടെ അടിസ്ഥാനത്തിൽ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ പത്തു പ്രവൃത്തികളുടെ പണികൾ വിവിധ ഘട്ടത്തിലായി പുരോഗമിക്കുന്നു. മറ്റ് ആറ് പ്രവൃത്തികളുടെ ദർഘാസ് നടപടികൾ പൂർത്തീകരിച്ച് പണികൾ ആരംഭിക്കാവുന്ന അവസ്ഥയിലാണ്. ബാക്കിയുള്ളവയുടെ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. പുതിയ നാല് ഗ്രീൻഫീൽഡ് സ്റ്റേഡിയങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ദർഘാസ് നടപടികൾ അന്തിമഘട്ടത്തിലാണ്. ഗെയിംസ് വില്ലേജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ഒരു പുതുക്കിയ പദ്ധതി രൂപരേഖയും തയ്യാറാക്കിയിട്ടുണ്ട്. ഗ്രീൻഫീൽഡ്

LIBRARY ARCHIVES Kerala Legislative Assembly